# 'അവസാനത്തോളം അനുസരണമുള്ളവരായിരിക്കുക'

## ഫിലിപ്പിയർ 2:6–8

''അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്നു വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി തന്നെത്താൻ താഴ്ത്തി മരണത്തോളം, ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായി തീർന്നു.''

പൗലോസ്ശ്ലീഹാ ഇവിടെ ഈ ഭാഗത്ത് ''യേശുക്രിസ്തുവിലുള്ള ഭാവംതന്നെ നിങ്ങളിലും ഉണ്ടായിരിക്കട്ടെ'' എന്നു പറഞ്ഞിട്ടാണ് മുകളിൽ പറഞ്ഞ വാക്യം പറയുന്നത്. ഇതിൽ നിന്നും ക്രിസ്തുയേശുവിലുള്ള ഭാവം എന്താണ് എന്ന് നമുക്ക് മനസ്സിലാകും. എന്നാൽ ഇതിൽ പ്രധാനമായി കാണേണ്ടത് ''മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ അനുസരണമുള്ളവനായി തീർന്നു'' എന്നതാണ്. നമ്മുടെ കർത്താവായ യേശുക്രിസ്തു നമ്മിൽ ആഗ്രഹിക്കുന്നതും അതുതന്നെയാണ്. അവസാനത്തോളം അനുസരണമുള്ളവരായിരിക്കുക. പൗലോസ് അപ്പൊസ്തലൻ കൊരിന്തിലെ സഭയെ ഓർമ്മിപ്പിക്കുന്നുണ്ട്, യഹോവയായ ദൈവം മിസ്രയീമിൽ നിന്നും പുറപ്പെടുവിച്ച നമ്മുടെ പിതാക്കന്മാരിൽ മിക്ക പേരിലും ദൈവം പ്രസാദിച്ചില്ല. അവരെ മരുഭൂമിയിൽ തള്ളിയിട്ടു കളഞ്ഞു. അവർ ദുർമ്മോഹികൾ ആയിരുന്നു. അവരിൽ ചിലർ വിഗ്രഹാരാധികളായി, ചിലർ പരസംഗം ചെയ്തു, ചിലർ ദൈവത്തെ പരീക്ഷിച്ചു, ചിലർ പിറുപിറുത്തു. അങ്ങനെ ദൈവകോപം അവരിൽ വന്ന് അവർ നശിക്കുവാൻ ഇടയായി. ഇതു നമുക്ക് ദൃഷ്ടാന്തമായി കിടക്കുന്നു എന്നാണ് പൗലോസ് പറയുന്നത്. അതുകൊണ്ട് നിൽക്കുന്നു എന്ന് തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളുക.

ക്രിസ്തു നമ്മെ സ്വതന്ത്രരാക്കി, അതിനാൽ വീണ്ടും അടിമനുകത്തിൽ അകപ്പെട്ടുപോകാതെ നമുക്കു ഉറച്ചു നിൽക്കാം. ആത്മാവിനെ അനുസരിച്ചു നമുക്കു നടക്കാം. നമ്മുടെ ജഢ മോഹങ്ങൾക്ക് അടിമപ്പെടാതെ ജഢത്തെ നമുക്ക് അടിമകളാക്കാം. നാം ഓരോരുത്തരും ഓട്ടക്കളത്തിൽ ഓടുന്നവരാണ്. എന്നാൽ നിശ്ചയമില്ലാതെ ഓടുന്നവരായിട്ടല്ല, വിരുതു പ്രാപിപ്പാൻ തക്കവണ്ണം നമുക്ക് ഓടാം. ദൈവകൃപയിൽ നമുക്ക് ഓടാം. ദൈവകൃപയിൽ നമുക്ക് മുറുകെ പിടിക്കാം. അവന്റെ കല്പനകളെ പ്രമാണിക്കാം. നമ്മിലുള്ള പഴയ മനുഷ്യനെ ഉപേക്ഷിച്ചു ആത്മാവിൽ പുതുക്കം പ്രാപിച്ച് സത്യത്തിന്റെ ഫലമായ നീതിയിലും വിശുദ്ധിയിലും ദൈവാനുരൂപമായി സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിക്കാം. അങ്ങനെ നമ്മുടെ പ്രത്യാശയിൽ നിന്നു ഇളകാതെ അടിസ്ഥാനമുള്ളവരും

സ്ഥിരതയുള്ളവരുമായി വിശ്വാസത്തിൽ നിലനിന്നാൽ നമുക്ക് നമ്മുടെ കർത്താവിന്റെ പ്രത്യക്ഷതയിൽ അവന്റെ മുമ്പിൽ നിൽക്കാൻ സാധിക്കും. അതിനു നമുക്കെല്ലാവർക്കും ദൈവം കൃപ നൽകുമാറാകട്ടെ.

പരാമർശം :

1 കൊരിന്ത്യർ 1:8

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാളിൽ കുറ്റമില്ലാത്തവരായിരിക്കേണ്ടതിന്നു അവൻ നിങ്ങളെ അവസാനത്തോളം ഉറപ്പിക്കും.

സിസ്റ്റർ റീന ഷാജി ഏബ്രഹാം പള്ളിപ്പാട് 005